**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 144** **16-09-2025 - ൽ മറുപടിയ്ക്ക്**

**സിറ്റി ഗ്യാസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സിറ്റിഗ്യാസ് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ സിറ്റി ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിന് എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (branded THINK GAS) കമ്പനിയ്ക്കാണ് പെട്രോളിയം ആൻഡ് നാച്ചറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിൽ (പി. എൻ. ജി. ആർ.ബി.) നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 16,659 വീടുകളിലും ആലപ്പുഴ ജില്ലയിൽ 23,167വീടുകളിലും ഗ്യാസ് കണക്ഷൻ നൽകിയിട്ടുണ്ട്. മേൽ ജില്ലകളിലെ 33 വാണിജ്യ സ്ഥാപനങ്ങൾക്കും, Kerala Minerals and Metals Limited (KMML), HLL *Lifecare Limited* (HLL), *Travancore Titanium Products Limited (*TTPL), English Indian Clays Limited (EICL), Kerala Ceramics Limited (KCL), Kerala State Drugs & Pharmaceuticals Ltd (KSDP) എന്നീ വ്യവസായ സ്ഥാപനങ്ങൾക്കും ഗ്യാസ് നൽകുന്നുണ്ട്. തിരുവനന്തപുരം - ആലപ്പുഴ ജില്ലകളിലായി 3 LCNG സ്റ്റേഷനുകളും, വാഹനങ്ങൾക്കാവശ്യമായ സി.എൻ.ജി വിതരണത്തിനായി തിരുവനന്തപുരം ജില്ലയിൽ 22 സി.എൻ.ജി സ്റ്റേഷനുകളും കൊല്ലം ജില്ലയിൽ 9 സി.എൻ.ജി സ്റ്റേഷനുകളും ആലപ്പുഴ ജില്ലയിൽ 15 സി.എൻ.ജി സ്റ്റേഷനുകളും പ്രവർത്തിക്കുന്നുണ്ട്.<br><br>പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ ഷോളഗാസ്കോ ലിമിറ്റഡിനാണ് PNGRB യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്.<br><br>പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോട്ടയം മുനിസിപ്പാലിറ്റി, ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി, |

| | | | |
|---|---|---|---|
| | | | അതിരംപ്പുഴ പഞ്ചായത്ത് എന്നിവിടങ്ങളിൽ 25.000 ഗാർഹിക ഉപഭോക്താക്കളുടെ KYC രജിസ്ട്രേഷൻ പൂർത്തിയായിട്ടുണ്ട്. De-Compressor Unit, City Gate station, laying of steel pipeline എന്നിവയുടെ നിർമ്മാണപ്രവർത്തികൾ നടന്നു വരുന്നു. കോട്ടയം മുനിസിപ്പാലിറ്റി പരിധിയിലെ കഞ്ഞിക്കുഴിയിലും പരിസര പ്രദേശങ്ങളിലുമായി 607 ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്.<br><br>ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) കമ്പനിയ്ക്കാണ് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കാൻ പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിൽ (പി. എൻ. ജി. ആർ. ബി.) യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുള്ളത്.<br><br>ഇതുവരെ 97,465 ഗാർഹിക ഗ്യാസ് കണക്ഷനുകളും 29 വ്യാവസായിക കണക്ഷനുകളും 103 വാണിജ്യ കണക്ഷനുകളും നൽകിയിട്ടുണ്ട്. |
| (ബി) | തലസ്ഥാന നഗരമായ തിരുവനന്തപുരത്ത് സിറ്റിഗ്യാസ് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ എത്ര വാർഡുകളിൽ കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | തിരുവനന്തപുരം നഗരസഭയിലെ 32 വാർഡുകളിൽ ഗ്യാസ് കണക്ഷൻ നൽകിയിട്ടുണ്ട്. 10 വാർഡുകളിൽ അടുത്തഘട്ട ഗ്യാസ് വിതരണത്തിനുള്ള അനുബന്ധപ്രവർത്തികൾ നടന്നുവരുന്നു. |
| (സി) | ഗ്യാസ് സിലണ്ടറുകളെ അപേക്ഷിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് സിറ്റിഗ്യാസ് പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നത്; വിശദമാക്കാമോ; | (സി) | വീട്ടുകളിലേക്ക് ഗ്യാസ് നേരിട്ട് വിതരണം ചെയ്യപ്പെടുന്നതിനാൽ സിലിണ്ടർ ബുക്കിംഗ്, കാത്തിരിപ്പ്, കൈമാറൽ എന്നിവയുടെ അസൗകര്യങ്ങൾ ഒഴിവാകുന്നു. 24 മണിക്കൂറും നിരന്തരമായി ഗ്യാസ് ലഭ്യമാകുന്ന ഈ സംവിധാനം ഉപഭോക്താക്കൾക്ക് വലിയ ആശ്വാസമാണ്. ഉപഭോക്താക്കൾക്ക് വേണ്ടി ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) കമ്പനി മൊബൈൽ ആപ്പിലൂടെയും ബിൽ പേയ്മെന്റ് നടത്തുന്നതിനും സ്വയം ബിൽ പരിശോധിക്കുന്നതിനുമുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. കൂടാതെ, 24×7 ഉപഭോക്തൃ സേവനവും ലഭ്യമാണ്.<br><br>സുരക്ഷ ഉറപ്പാക്കുന്നതിനായി വിതരണം ചെയ്യുന്ന ഗ്യാസ് പ്രത്യേകമായി ഓഡറൈസ് ചെയ്ത് LPG-യുടെ പോലുള്ള ഗന്ധം ഉണ്ടാക്കുന്നു, ഇതിലൂടെ ചെറിയ അളവിൽ പോലും ഗ്യാസ് ലീക്ക് ഉണ്ടാകുമ്പോൾ ഉപഭോക്താക്കൾക്ക് അത് എളുപ്പത്തിൽ തിരിച്ചറിയാൻ സാധിക്കുന്നു. ചോർച്ച സംഭവിച്ചാലും വായുവിനേക്കാൾ ലഘുവായ പ്രകൃതിവാതകം വേഗത്തിൽ മുകളിലേക്ക് |

| | | | |
|---|---|---|---|
| | | | ഉയരുന്നതിനാൽ, അടുക്കള ബേസ്മെന്റുകളിൽ തങ്ങി നിൽക്കുന്നതിനുള്ള സാധ്യത വളരെ കുറവാണ്, ഭാരമേറിയ ഇന്ധനമായ L.P.G – യെ അപേക്ഷിച്ച് ശ്വാസംമുട്ടലിന്റെയും സ്ഫോടനത്തിന്റെയും അപകടസാധ്യത ഗണ്യമായി കുറയുന്നു. പൈപ്പ് ലൈനിലെ ഗ്യാസ് വിതരണ സംവിധാനത്തിൽ കൂടുതൽ സുരക്ഷാ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയതിനാൽ അപകട സാധ്യത കുറഞ്ഞതും വിശ്വാസയോഗ്യമായതുമായ സംവിധാനമാണിത്.<br><br>ഇത് ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദവും സുരക്ഷിതവുമായും പരിസ്ഥിതി സൗഹൃദവുമാണ്. |
| (ഡി) | 2026 അവസാനത്തോടെ തിരുവനന്തപുരം നഗരസഭയിലെ വാർഡുകളെ സമ്പൂർണ്ണമായും പൈപ്പ്ഡ് ഗ്യാസ് ശൃംഖലയിലേയ്ക്ക് എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; | (ഡി) | 2028 അവസാനത്തോടുകൂടി തിരുവനന്തപുരം നഗരസഭയിലെ വാർഡുകളെ പൂർണമായും പൈപ്പ് ഗ്യാസ് ശൃംഖലയിൽ എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം തിരുവനന്തപുരം ജില്ലയിലെ അനുബന്ധ പഞ്ചായത്തുകളിലും നഗരസഭകളിലും ഗ്യാസ് വിതരണം നടത്താൻ സാധിക്കും. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ സമയബന്ധിതമായ പുരോഗതി ഉറപ്പുവരുത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | പ്രസ്തുത പദ്ധതിയുടെ സമയബന്ധിതമായ പുരോഗതി ഉറപ്പുവരുത്തുന്നതിനും പദ്ധതി തടസമില്ലാത്തെ നടപ്പിലാക്കുന്നതിനുമായി ആവശ്യമായ ഘട്ടങ്ങളിൽ കേരള സംസ്ഥാന വ്യവസായ വകുപ്പും KSIDC യും എല്ലാ സഹായങ്ങളും നൽകിവരുന്നു. റോഡ് കുഴിച്ച് ഗ്യാസ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് LSGD, PWD, KRFB, NH PWD എന്നീ വിഭാഗങ്ങളിൽ നിന്നും അനുമതി വേഗത്തിൽ നൽകിവരുന്നു.<br><br>കരാർ ഏറ്റെടുത്ത കമ്പനികൾ പദ്ധതിയുടെ വ്യാപനം സാധ്യമാക്കുന്നതിനായി, വിവിധ ഭാഗങ്ങളിലായി പുതിയ ഓഫീസുകൾ സ്ഥാപിക്കുകയും, ഗ്യാസ് വിതരണം ഉറപ്പാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ഗ്യാസ് കണക്ഷനുകൾ നൽകുന്നതിനായി വിവിധ മേഖലകളിലായി CNG സ്റ്റേഷനുകളും മറ്റ് അനുബന്ധ സംവിധാനങ്ങളും പുതിയതായി കമ്മീഷൻ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ